റോഡ് പ്രവൃത്തികളുടെ ഗുണനിലവാര പരിശോധന

10 (*250) ശ്രീ. ജെയിംസ് മാത്യു :
ശ്രീ. എ. കെ. ബാലൻ :
ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് റോഡ് പ്രവൃത്തികളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് എന്തെങ്കിലും സംവിധാനമുണ്ടോ ; ഇത് ഫലപ്രദമായി നടക്കുന്നുണ്ടോ ;

(ബി) മിക്ക റോഡുകളും നിർമ്മാണം കഴിഞ്ഞ് ചുരുങ്ങിയ കാലയളവിൽ തന്നെ പൊട്ടിപ്പൊളിഞ്ഞ് സഞ്ചാര യോഗ്യമല്ലാതാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇത് സംബന്ധിച്ച് പരിശോധന നടത്താറുണ്ടോ ;

(സി) ഇത്തരം കേസുകളിൽ കുറ്റക്കാർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ;

(ഡി) അശാസ്ത്രീയമായ റോഡ് നിർമ്മാണവും ഉദ്യോഗസ്ഥരുടെ അഴിമതിയുമാണ് റോഡുകളുടെ ശോചനീയാവസ്ഥയ്ക്ക് കാരണമായിട്ടുള്ളതെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) പി.ഡബ്ല്യു.ഡി. മാന്വൽ പ്രകാരം പ്രവൃത്തി ഏറ്റെടുക്കുന്ന കരാറുകാരൻ പാലിക്കേണ്ട വ്യവസ്ഥകൾ എന്തെല്ലാമാണ് ; ഇത് പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിനും ഉദ്യോഗസ്ഥരുടെയും കരാറുകാരുടെയും അഴിമതി അവസാനിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുമോ ?

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്) : സർ,

(എ) ഉണ്ട്. ഇത് ഫലപ്രദമായി നടപ്പാക്കുന്നുമുണ്ട്. സംസ്ഥാനത്ത് കോഴിക്കോട്, എറണാകുളം, തിരുവനന്തപുരം എന്നിവിടങ്ങളിലായി റീജിയണൽ ക്വാളിറ്റി ലബോറട്ടറികൾ നിർമ്മാണവസ്തുക്കളുടെയും നിർമ്മാണ രീതിയുടെയും ഗുണനിലവാരം പരിശോധിക്കുന്നതിനായി നിലവിലുണ്ട്. ബാക്കി 11 ജില്ലകളിൽ ജില്ലാ ലാബുകളും പ്രവർത്തിക്കുന്നു. ലാബുകളിലെ ഉദ്യോഗസ്ഥർ പ്രവൃത്തി നടക്കുന്ന സ്ഥലങ്ങളിൽ 'റാൻഡം' സന്ദർശനം നടത്തി നിശ്ചിത അളവിലുള്ള സാമ്പിളുകൾ ശേഖരിക്കുകയും, പ്രവൃത്തി സ്ഥലത്തുവച്ചു പരിശോധിക്കാനുള്ളത് അവിടെ വച്ചും ബാക്കിയുള്ളവ ഗുണനിലവാര പരിശോധന ലാബുകളിൽ വച്ചും പരിശോധന നടത്തുന്നു. പരിശോധനാഫലങ്ങൾ ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും ചീഫ് എഞ്ചിനീയർമാർക്കും അയച്ചുകൊടുക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

കെ.എസ്.ടി.പി. പദ്ധതിയിൽപ്പെടുത്തി റോഡ് നിർമ്മാണ പ്രവൃത്തികളിൽ ഗുണനിലവാര പരിശോധന നടത്തുവാൻ സംവിധാനമുണ്ട്. കെ.എസ്.ടി.പി. ഏറ്റെടുത്ത് നടത്തിവരുന്ന പ്രവൃത്തികളിൽ എല്ലാം കർശനമായ പരിശോധന നടത്തിയാണ് ചെയ്യുന്നത്. നിർമ്മാണത്തിന്റെ എല്ലാ ഘട്ടങ്ങളിലും നിർമ്മാണത്തിന് ഉപയോഗിക്കുന്ന ബിറ്റുമെൻ, മെറ്റൽ, സിമന്റ്, സ്റ്റീൽ, മണ്ണ് മുതലായ സാധനങ്ങളുടെയും പൂർത്തീകരിച്ച കോൺക്രീറ്റ് റോഡുകൾ എന്നിവയുടെയും ഗുണനിലവാരം മുൻകൂട്ടി പരിശോധിക്കാറുണ്ട്. ഈ പരിശോധന നടത്തുന്നതിന് പ്രത്യേക പരിശോധന ലാബുകൾ സജ്ജീകരിക്കണമെന്ന് കരാറിൽ തന്നെ വ്യവസ്ഥ ചെയ്തിട്ടുണ്ട്. സാധനങ്ങളുടെയും റോഡിന്റെയും ഗുണനിലവാരം സംബന്ധിച്ച പരിശോധന കർശനമായി പാലിക്കുന്നുണ്ട്. ഇതിനു പുറമേ കെ.എസ്.ടി.പി.പണികൾക്ക് വിദഗ്ദ്ധ കൺസൾട്ടൻസിയെ കൊണ്ട് ടെക്നിക്കൽ ഓഡിറ്റും നടത്തുന്നുണ്ട്.

(ബി) ചില റോഡുകളുടെ ചില ഭാഗങ്ങൾ നിർമ്മാണം കഴിഞ്ഞ് ചുരുങ്ങിയ കാലയളവിൽ പൊട്ടിപ്പൊളിഞ്ഞ് സഞ്ചാരയോഗ്യമല്ലാതാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അടിക്കടിയുണ്ടാകുന്ന മഴയും വർദ്ധിച്ചുവരുന്ന വാഹന ഗതാഗതംമൂലവും ഇങ്ങനെ സംഭവിക്കാറുണ്ട്. കരാറുകാരുടെ കാലാവധിക്കുള്ളിൽ ഉണ്ടാകുന്ന തകരാറുകൾ, കരാറുകാരന്റെ സ്വന്തം ചെലവിൽ പരിഹരിക്കുന്നുണ്ട്. കെ.എസ്.ടി.പി.യിൽ ഈ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ചില കേസുകളിൽ വിജിലൻസ് ശുപാർശയനുസരിച്ച് ഉത്തരവാദികളായ കരാറുകാരെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തുന്നുണ്ട്.

(ഡി) ഇല്ല.

(ഇ) PWD മാന്വൽ പ്രകാരം കരാറുകാരൻ പാലിക്കേണ്ട വ്യവസ്ഥകൾ പാലിക്കപ്പെടുന്നുണ്ടെന്ന് ഉദ്യോഗസ്ഥർ ഉറപ്പാക്കുന്നുണ്ട്. പൊതുമരാമത്ത് ക്വാളിറ്റി കൺട്രോൾ വിഭാഗം പ്രവൃത്തികൾ നടക്കുന്ന സമയത്ത് പരിശോധന നടത്തുകയും ഗുണനിലവാരം ഉറപ്പുവരുത്തുകയും ചെയ്യുന്നുണ്ട്. എഗ്രിമെന്റ് പ്രകാരം വ്യവസ്ഥ ചെയ്യുന്ന പ്രവൃത്തിയുടെ നിബന്ധനകളും ഗുണനിലവാരവും അനുസരിച്ച് വേണം കരാറുകാരൻ പ്രവൃത്തി ചെയ്യേണ്ടത് പ്രവൃത്തി കഴിഞ്ഞാലും 6 മാസം മുതൽ 3 വർഷം വരെ ഗ്യാരണ്ടി കാലാവധിയുണ്ട്. കരാറിൽ ഏർപ്പെടുമ്പോൾ കരാറുകാരൻ സെക്യൂരിറ്റി വയ്ക്കേണ്ടതാണ്. ഡിഫക്ട് ലയബിലിറ്റി പീരിഡിനുള്ളിൽ കരാറുകാരൻ പണിയിലുണ്ടാകുന്ന ന്യൂനതകൾ പരിഹരിച്ചില്ലെങ്കിൽ അയാളുടെ സെക്യൂരിറ്റി തുക ഗവൺമെന്റിലേക്ക് കണ്ടുകെട്ടുന്നതാണ്. ലോകബാങ്കിന്റെ നിബന്ധനകളും IRC/MORTH സ്പെസിഫിക്കേഷനും അനുസരിച്ചാണ് കെ.എസ്.ടി.പി.യിൽ പദ്ധതികൾ നടപ്പാക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly